(എഫ്) ഇപ്രകാരമുള്ള സംഘടനകൾക്ക് കിട്ടുന്ന ധന സഹായം എന്തിനാണ് ഉപയോഗിക്കുന്നതെന്ന് ഗവൺമെൻറ് പരിശോധിക്കാറുണ്ടോ;

(ജി) ഇങ്ങനെ സംഘടനകൾക്ക് കിട്ടുന്ന ധനസഹായം ദുരുപയോഗപ്പെടുത്തുന്നതായി ഗവൺമെൻറിൽ പരാതി കിട്ടിയിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇതിനെ സംബന്ധിച്ച വിശദവിവരങ്ങൾ കേന്ദ്ര സർക്കാരാണ് സൂക്ഷിക്കുന്നത്.

(ഡി) ഗവൺമെൻറിന്റെ അറിവിൽ ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) കേന്ദ്ര ഗവൺമെൻറ് പരിശോധിക്കാറുണ്ട്.

(ജി) ഇല്ല.

(എച്ച്) ഉദിക്കുന്നില്ല.

സെൻറ് തോമസ് ദിനം

23 [27] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സെൻറ് തോമസ് ദിനമായ ജൂലായ് 3 പൊതു ഒഴിവ് ദിവസമായി പ്രഖ്യാപിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിലുള്ള പൊതു ഒഴിവുകളുടെ എണ്ണം കൂട്ടാതിരിക്കുക എന്നതാണ് ഗവൺമെൻറ് നയം.

കോഴിക്കോട് വിമാനത്താവളം

24 [28] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവള നിർമ്മാണ പ്രവർത്തനങ്ങൾ എത്രത്തോളമായിട്ടുണ്ട്;

(ബി) ഈ വിമാനത്താവളത്തിന്റെ പ്രവർത്തനത്തിനായി സംസ്ഥാന ഗവൺമെൻറ് ഇതുവരെയായി എന്തെല്ലാമാണ് ചെയ്തിട്ടുള്ളത്; ഇതിനുവേണ്ടി എത്ര രൂപ ചെലവഴിക്കുകയുണ്ടായി;

(സി) സംസ്ഥാന ഗവൺമെൻറ് ഇനി എന്തെല്ലാമാണ് ചെയ്യേണ്ടത്; ഇതിനുവേണ്ടി എത്ര രൂപ ചെലവഴിക്കേണ്ടതുണ്ട്;

(ഡി) ഈ വിമാനത്താവളം എന്നത്തേയ്ക്ക് പ്രവർത്തനയോഗ്യമാകുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോടു വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയുടെ വിശദാംശം താഴെ ചേർക്കുന്നു.

(1)	തറ നിരപ്പാക്കൽ സബ് ഗ്രേഡ്	96.5%
(2)	ടെർമിനൽ ബിൽഡിംഗ്	15%
(3)	ടെക്നിക്കൽ ബ്ലോക്ക്	2%
(4)	ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ	75%
(5)	റെസിഡൻഷ്യൽ ക്വാർട്ടേഴ്സ്	100%
(6)	ജനറൽ സർവ്വീസ്	20%

(7) റൺവേ, ആപ്രൺ ടാക്സി ട്രാക്ക് മുതലായവയുടെ നിർമ്മാണം ആരംഭിച്ചിട്ടേയുള്ളു.

(8) ട്രാൻസ്മിറ്റിംഗ് സ്റ്റേഷൻ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി, സി) ഈ വിമാനത്താവളത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടൊപ്പം വിമാനത്താവളത്തിലേക്കുള്ള അപ്രോച്ച് റോഡിന്റെ വീതിയും ഉയരവും കൂട്ടുക, 110 മീറ്റർ റോഡ് ന്റ ഗ്രേഡ് ചെയ്യുക, വിമാനത്താവളത്തിനു പുറത്ത് ആവശ്യമായ മെഡിക്കൽ ഡിസ്പെൻസറി, ഷോപ്പിംഗ് സെന്റർ, പോലീസ് സ്റ്റേഷൻ എന്നിവയ്ക്കുള്ള ഫർപ്പാടുകൾ ചെയ്തുകൊടുക്കുക, വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻവേണ്ടി വന്നാൽ പ്രതിദിനം 2 ലക്ഷം ലിറ്റർ ജലം നൽകുക തുടങ്ങിയ സംഗതികൾ സംസ്ഥാന സർക്കാർ ചെയ്തു കൊടുക്കാൻ കേന്ദ്രപൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുമുണ്ട്. ഇതിനുവേണ്ടിവരുന്ന തുക എത്രയാണെന്ന് കൃത്യപ്പെടുത്തിയിട്ടില്ല.

(ഡി) ഈ വിമാനത്താവളത്തിന്റെ പണികൾ 1987 ഡിസംബർ അവസാനത്തോടെ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു. വിമാനത്താവളം പ്രവർത്തനയോഗ്യമാകുന്നത് 1988 തുടക്കത്തിലായിരിക്കും എന്നാണ് അറിയുന്നത്.

LINGUISTIC MINORITY COMMITTEE

25 [29] **Shri. G. Varadhan:**

மொழிச் சிறுபான்மையினர் குழு

(Lingaistic Minority Committee)

(29) ஸ்ரீ. ஜி. வரதன்: கீழ்காணும் வினாக்களுக்கு முதன் மந்திரி தயை கூர்ந்து விடை நல்குவாரா;

(எ) மாநில மொழிச் சிறுபான்மையினர் குழு உடனே கூட அரசு முடிவு செய்துள்ளதா;

(பி) ஆம் எனில், இதுவரை கூடாததின் காரண மென்ன;

(ஸி) மேல்படி குழுவை உடனடி கூட்ட அரசு நடவடிக்கை எடுக்குமா?

LIBRARY ARCHIVES Kerala Legislative Assembly